## പതിന്നാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1813. 15.07.2016 -ൽ മറുപടിയ്ക്ക്.

## പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനം

| ചോദ്യം<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ | | മറുപടി<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കി നടപ്പാക്കിയത്; വിശദമാക്കാമോ; | (എ) | പട്ടികജാതിക്കാർക്ക് തൊഴിൽപരിശീലനം നൽകുക എന്ന കർമ്മപദ്ധതിയുടെ ഭാഗമായി വകുപ്പിനുകീഴിൽ 44 ഐ.ടി.ഐകളും [41 എണ്ണം എൻ.സി.വി.റ്റി (NCVT) അഫിലിയേഷനുള്ളത്, 3 എണ്ണം എസ്.സി.വി.റ്റി(SCVT) അഫിലിയേഷനുള്ളത്] നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു. ടി സ്ഥാപനങ്ങൾ വഴി പട്ടികജാതി വിദ്യാർത്ഥികൾക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലും മത്സരപ്പരീക്ഷകളിലും പരിശീലനം നൽകി വരുന്നു. സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ സ്വകാര്യവൊക്കേഷണൽ പരിശീലന കേന്ദ്രങ്ങൾ, കെൽട്രോൺ, സെന്റർ ഫൊർ ബയോപോളിമർ സയൻസ് ആന്റ് ടെക്നോളജി, നെട്ടൂർ ടെക്നിക്കൽ ഫൗണ്ടേഷൻ, |

| | | | |
|---|---|---|---|
| | | | സൈബർശ്രീ, ക്രെസ്റ്റ് എന്നീ സ്ഥാപനങ്ങൾ മുഖേനയും പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ; | (ബി) | പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് വിവിധ ട്രേഡുകളിലും, മത്സരപരീക്ഷകളിലും പരിശീലനം നൽകുക വഴി എളുപ്പത്തിൽ അനുയോജ്യമായതും മെച്ചപ്പെട്ടതുമായ തൊഴിൽ മേഖല കണ്ടെത്തുന്നതിനും തദ്വാര സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുവാനും അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) | വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.കൾ, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവയിൽ ഓരോ വർഷവും അർഹതയുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് പരിശീലനം നൽകുന്നു. പ്രവേശനം ലഭിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റ്, യൂണിഫോം അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ടി സ്ഥാപനങ്ങളുടെ നടത്തിപ്പിനാവശ്യമായ ആവർത്തന അനാവർത്തനചെലവുകൾ പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നും കണ്ടെത്തുന്നു. |

സെക്ഷൻ ഓഫീസർ